പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1842 **26-10-2026-ൽ മറുപടിയ്ക്ക്**

വയോജനക്ഷേമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) വയോജനങ്ങളുടെ പരാതികൾക്കും അടിയന്തര ആവശ്യങ്ങൾക്കും 24 മണിക്കൂറും പരിഹാരം കാണുന്നതിനായി ഹെൽപ്പ് ലൈനും ഫീൽഡ് തലത്തിൽ ഇടപെടുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി മുതിർന്ന പൗരന്മാരുടെ പരാതികൾക്കും അടിയന്തര ആവശ്യങ്ങൾക്കും 24 മണിക്കൂറും പരിഹാരം ഉറപ്പാക്കുന്നതിനായി "Kerala Senior Care 24X7" എന്ന സമഗ്ര പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള എൽഡർലൈൻ (14567) ഹെല്പ്ലൈൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ വിപുലീകരിക്കുന്നതിനും രാത്രികാല സേവനങ്ങൾക്കായി KSITM ന്റെ കോൺടാക്ട് സെന്ററുമായി സഹകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജില്ലാ സാമൂഹ്യനീതി ഓഫീസുകളുമായി ബന്ധപ്പെട്ട് Rapid Response Team ന്റെ ഫീൽഡ് റെസ്പോൺസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ലഭിക്കുന്ന പരാതികളുടെ അടിയന്തര സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തി ആവശ്യമായ അടിയന്തര ഇടപെടലുകളും തുടർനടപടികളും ഉറപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം.

(ബി) വയോജനങ്ങളുടെ സുരക്ഷ,സ്വതന്ത്ര ജീവിതം,സാമൂഹിക പങ്കാളിത്തം,സാമ്പത്തിക ബാധ്യതകൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണോ വയോജനക്ഷേമ വകുപ്പ് പ്രവർത്തിക്കുക എന്ന് വിശദമാക്കുമോ;

മറുപടി: മുതിർന്ന പൗരന്മാരുടെ സുരക്ഷ, സ്വതന്ത്ര്യവും അന്തസ്സുറ്റതുമായ ജീവിതം, സാമൂഹിക പങ്കാളിത്തം, സാമ്പത്തിക സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനാണ് മുതിർന്ന പൗരന്മാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. മുതിർന്ന പൗരന്മാരുടെ അവകാശ സംരക്ഷണം, ആരോഗ്യപരിരക്ഷ, സാമൂഹിക പിന്തുണയും ലഭ്യമാക്കൽ, ഏകാന്തതയും സാമൂഹിക ഒറ്റപ്പെടലും കുറയ്ക്കൽ, അടിയന്തര സാഹചര്യങ്ങളിൽ സഹായം ഉറപ്പാക്കൽ, വിവിധ ക്ഷേമപദ്ധതികളിലൂടെ ജീവിതനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ഇതിനായി സർക്കാർ ക്ഷേമ പദ്ധതികൾ, പരിചരണ-പുനരധിവാസ സേവനങ്ങൾ, സമൂഹാധിഷ്ഠിത

പിന്തുണാ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ ഏകോപനത്തോടെ വയോജന സൗഹൃദ സേവനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ കളക്ടറേറ്റുകളിലും ജില്ലാ വയോജന സെല്ലുകളും സംസ്ഥാനതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗവേണിംഗ് കൗൺസിലും രൂപീകരിക്കുന്നുണ്ടോ;

<u>മറുപടി:</u> ജില്ലാ കളക്ടർമാരുടെ ഭരണപരമായ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും വയോജനസെല്ലുകൾ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വയോജനങ്ങളുടെ ക്ഷേമം, സുരക്ഷ, ആരോഗ്യപരിരക്ഷ, സാമൂഹിക പങ്കാളിത്തം, സാമ്പത്തിക സുരക്ഷ, മാനസിക ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിനും വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ഗവേണിംഗ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വയോജന സൗകര്യ ഡെസ്കുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വയോജന സഹായ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വയോജനങ്ങൾക്ക് വിവിധ സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുക, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക, സേവനവിതരണത്തിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജർ (SOP) തയ്യാറാക്കുക, വയോജന സൗഹൃദ ഭരണ സംവിധാനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

സെക്ഷൻ ഓഫീസർ